## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 529 11.06.2013 ലെ മറുപടിയ്ക്ക്

### "കാരുണ്യ ബെനവലന്റ് സ്കീമിൽ" ചികിത്സ ലഭിക്കാത്തവർ

| | ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മാരക രോഗങ്ങൾ ബാധിച്ച് പെയിൻ-പാലിയേറ്റീവ് കേന്ദ്രങ്ങളിൽ ചികിത്സ തേടുന്ന അശരണരും നിർദ്ധനരുമായ രോഗികൾക്ക് "കാരുണ്യ ബെനവലന്റ് സ്കീമിൽ" ചികിത്സ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാരുണ്യ പദ്ധതി പ്രകാരം പാലീയേറ്റീവ് കെയർ വിഭാഗത്തിൽ ചികിത്സാ ധനസഹായം നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും മറ്റ് സർക്കാർ ഏജൻസികളിലൂടെയും പാലീയേറ്റീവ് വിഭാഗത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നതിൽ ആവർത്തന സ്വഭാവമുള്ള ചിലവുകൾ ഒഴിവാക്കി മാനദണ്ഡങ്ങൾ തയ്യാറാക്കി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിവിധ പെയിൻ പാലിയേറ്റീവ് സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് കൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹമായ എല്ലാ പെയിൻ-പാലീയേറ്റീവ് സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (സി) | എങ്കിൽ അതിനായി പ്രത്യേക ഉത്തരവിറക്കുമോ; വിശദമാക്കുമോ? | (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ പാലീയേറ്റീവ് കെയർ വിഭാഗത്തിൽ ധനസഹായം നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സംസ്ഥാന കമ്മറ്റിയുടെ അനുമതിയോടുകൂടി ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.